**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4699** **02-07-2024 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പമ്പ് ഹൗസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിന് കീഴിൽ നിലവിൽ എത്ര പമ്പ് ഹൗസുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് പ്രദേശങ്ങൾ തിരിച്ച് വിശദമാക്കാമോ; | (എ) | ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിനു കീഴിൽ തിരൂരങ്ങാടി മണ്ഡലത്തിൽ 4 പമ്പ് ഹൗസുകളാണുള്ളത്.<br><br>1) എൽ.ഐ സ്കീം ഉള്ളണം - പരപ്പനങ്ങാടി മുനിസിപ്പാലിറ്റി<br><br>2) എൽ.ഐ സ്കീം തൃക്കുളം -- തിരൂരങ്ങാടി മുനിസിപ്പാലിറ്റി<br><br>3) എൽ.ഐ സ്കീം ബെഞ്ചാലി -- തിരൂരങ്ങാടി മുനിസിപ്പാലിറ്റി<br><br>4) ബെഞ്ചാലി ഇറിഗേഷൻ കം റിക്ലമേഷൻ സ്കീം ബെഞ്ചാലി - തിരൂരങ്ങാടി മുനിസിപ്പാലിറ്റി<br><br>കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ തിരൂരങ്ങാടി മണ്ഡലത്തിൽ 7 പമ്പ് ഹൗസുകൾ താഴെ പറയുന്ന സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്നു.<br><br>**പരപ്പനങ്ങാടി മുനിസിപ്പാലിറ്റി**<br><br>1. പാലത്തിങ്ങൽ പമ്പ് ഹൗസ്<br><br>**തിരൂരങ്ങാടി മുനിസിപ്പാലിറ്റി**<br><br>1. കല്ലക്കയം റോ വാട്ടർ പമ്പ് ഹൗസ്<br><br>2. കക്കാട് ബൂസ്റ്റർ പമ്പ് ഹൗസ് (നിലവിൽ ഈ പമ്പ് ഹൗസ് പൊളിച്ച് പുതിയ ടാങ്കിന്റെയും പമ്പ് ഹൗസിന്റെയും പ്രവൃത്തി നടക്കുന്നതിനാൽ താൽക്കാലിക പമ്പ് ഹൗസ് സ്ഥാപിച്ച് അതിലാണ് പമ്പിംഗ് നടക്കുന്നത്)<br><br>3. വാക്കിക്കയം പമ്പ് ഹൗസ്<br><br>4. കരിപ്പറമ്പ് പമ്പ് ഹൗസ് |

| | | | |
|---|---|---|---|
| | | | **<u>തെന്നല പഞ്ചായത്ത്</u>**<br><br>1. പെരുമ്പുഴ പമ്പ് ഹൗസ്<br><br>2. കോഴിചന്നെ പമ്പ് ഹൗസ്<br><br>തിരൂരങ്ങാടി മണ്ഡലത്തിൽ ലോകബാങ്ക് ധന സഹായത്തോടെ ജലനിധി ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി KRWSA മുഖാന്തിരം നടപ്പിലാക്കിയ സാമൂഹികാധിഷ്ഠിത കുടിവെള്ള പദ്ധതികളിൽ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിൽ(16), നന്നമ്പ്ര പഞ്ചായത്തിൽ(28) എടരിക്കോട് പഞ്ചായത്തിൽ (21) കുടി വെള്ള പദ്ധതികളിലും പമ്പ് ഹൗസുകൾ നിർമ്മിച്ച് അതാത് സമിതികൾ തുടർ നടത്തിപ്പും പരിപാലനവും നടത്തി വരുന്നു |
| (ബി) | പ്രസ്തുത പമ്പ് ഹൗസുകളെല്ലാം പൂർണ്ണമായും പ്രവർത്തനസജ്ജമാണോയെന്ന് വിശദമാക്കാമോ; | (ബി) | ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിനു കീഴിലുള്ള പമ്പ് സെറ്റുകൾ പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമല്ല. ചില അറ്റകുറ്റപ്രവൃത്തികൾ ആവശ്യമാണ്.<br><br>(i) ഉള്ളണം എൽ ഐ സ്കീം<br><br>എൽ ഐ സ്കീമിന്റെ പമ്പ് ഹൗസിന്പിറകിലെ കടലുണ്ടിപുഴയുടെ സംരക്ഷണഭിത്തി കഴിഞ്ഞമഴയിൽ തകർന്ന് പോയിരുന്നു. അതിനാൽ സക്ഷൻ പൈപ്പുകൾ അഴിച്ചുമാറ്റി വെച്ചിരിക്കുകയാണ് തകർന്നഭിത്തി പുനർനിർമ്മിക്കുന്നതിനായി 33.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചു വരുന്നു. എന്നാൽ അടിയന്തിരമായി Monsoon preparedness ൽ ഉൾപ്പെടുത്തി 3.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും മണൽച്ചാക്കുകൾ ഉപയോഗിച്ചുകൊണ്ട് നിലവിൽ താല്കാലിക സംരക്ഷണ ഭിത്തി നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.<br><br>മോട്ടോറുകളെല്ലാം പ്രവർത്തനക്ഷമമാണ്. ചെറിയ ഇലക്ട്രിക്കൽ പ്രവൃത്തികൾ ആവശ്യമാണ്. ഇത് നിലവിലെ വാർഷിക അറ്റകുറ്റ പ്രവൃത്തികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കാവുന്നതാണ്.<br><br>(ii) ബെഞ്ചാലി എൽ ഐ സ്കീം<br><br>സ്കീമിൽ, നാല് മോട്ടോറുകളിൽ രണ്ടെണ്ണം പ്രവർത്തന ക്ഷമമാണ്. സ്റ്റാൻഡ്ബൈ രണ്ടെണ്ണം അറ്റകുറ്റ പ്രവൃത്തികൾ ആവശ്യമാണ്. സ്കീമിലെ സക്ഷൻ പൈപ്പുകൾക്ക് ചെറിയ ലീക്ക് ഉണ്ട്. ഇത് 2024-25 വർഷത്തെ വാർഷിക അറ്റകുറ്റപ്രവൃത്തികളിൽ ഉൾപ്പെടുത്തി പരിഹരിക്കാവുന്നതാണ്. |

(iii) ബെഞ്ചാലി ഇറിഗേഷൻ കം റിക്ലമേഷൻ സ്കീം

സ്കീമിലെ സക്ഷൻ പൈപ്പുകൾക്ക് ചെറിയ ലീക്ക് ഉണ്ട്. ഇത് 2024-25 വർഷത്തെ വാർഷിക അറ്റകുറ്റ പ്രവൃത്തികളിൽ ഉൾപ്പെടുത്തി പരിഹരിക്കാവുന്നതാണ്.

(iv) എൽ ഐ സ്കീം, തുക്കളം

സ്കീമിലെ രണ്ടു മോട്ടോറുകളിൽ ഒന്ന് പ്രവർത്തനക്ഷമമമാണ്. ഒരു 35 HP മോട്ടോറിന്റെ ഇലക്ട്രിക്കൽ വയറിങ് പ്രവൃത്തികളും പാനൽബോർഡ് ശരിയാക്കുന്ന പ്രവൃത്തികളും ചെയ്യേണ്ടതുണ്ട്. ഈ പ്രവൃത്തി എഗ്രിമെന്റ് വെച്ചിരുന്നെങ്കിലും കരാറുകാരൻ പ്രവൃത്തി നടത്താത്തതിനാൽ ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയറുടെ ഉത്തരവ് പ്രകാരം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്യുകയാണുണ്ടായത് നിരവധി തവണ ടെണ്ടറുകളും ക്വട്ടേഷനുകളും ക്ഷണിച്ചിട്ടും പഴയ നിരക്കായതിനാൽ ആരും പ്രവൃത്തി ഏറ്റെടുക്കുകയുണ്ടായില്ല. തുടർന്ന് മലപ്പുറം ഇലക്ട്രിക്കൽ വിഭാഗം അസി.എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്ന് ക്വട്ടേഷൻ ക്ഷണിക്കുകയുണ്ടായെങ്കിലും ആരും ഏറ്റെടുത്തില്ല. വീണ്ടും ക്വട്ടേഷൻ ക്ഷണിക്കുന്നതിനുള്ള നടപടിക്രമങ്ങൾ മലപ്പുറം ഇലക്ട്രിക്കൽ വിഭാഗം അസി.എഞ്ചിനീയറുടെ കാര്യാലയത്തിൽ നടന്നു വരുകയാണ്. എന്നിരുന്നാലും സ്കീമിലെ പമ്പിംഗിന് തടസ്സമൊന്നും ഉണ്ടായിട്ടില്ല . ആയത് സുഗമമായി നടന്നു വരുന്നു.

കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ തിരൂരങ്ങാടി മണ്ഡലത്തിലുള്ള എല്ലാ പമ്പ് ഹൗസുകളും പ്രവർത്തന സജ്ജമാണ്. മേൽപ്പറഞ്ഞ പമ്പ് ഹൗസുകളിൽ അറ്റകുറ്റപ്പണികളോ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ പ്രവൃത്തികളോ നിലവിൽ ആവശ്യമില്ല. മേൽ പറഞ്ഞ കല്ലക്കയം റോ വാട്ടർ പമ്പ് ഹൗസിൽ 40 എച്ച് പി യുടെ ഒരു സ്റ്റാൻഡ് ബൈ മോട്ടോറിന് സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി വർക്ക് ഓർഡർ കൊടുത്ത് പ്രവൃത്തി ആരംഭഘട്ടത്തിലാണ്.

തിരൂരങ്ങാടി മണ്ഡലത്തിൽ ജലനിധി ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി KRWSA മുഖാന്തിരം നടപ്പിലാക്കിയ സാമൂഹികാധിഷ്ഠിത കുടിവെള്ള പദ്ധതികളെല്ലാം ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയതാണ്. ഈ കുടിവെള്ള പദ്ധതികളുടെ തുടർ നടത്തിപ്പും പരിപാലനവും അതാത് ഗുണഭോക്തൃ സമിതികളാണ് നടത്തുന്നത്. ഇത്തരത്തിലുള്ള സ്കീമുകളുടെ Sustainability Survey ആരംഭിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | Survey പൂർത്തീകരിച്ചാൽ മാത്രമേ ഇക്കാര്യം അറിയുവാൻ കഴിയുകയുള്ളൂ.<br><br>എടരിക്കോട് ഗ്രാമ പഞ്ചായത്തിലെ ബ്രഹത് കുടിവെള്ള പദ്ധതിയുടെ പമ്പ് സെറ്റ് മാറ്റി സ്ഥാപിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | പ്രസ്തുത പമ്പ് ഹൗസുകളിൽ നിലവിൽ എന്തെങ്കിലും അറ്റകുറ്റപ്പണികളോ, മെക്കാനിക്കൽ ജോലികളോ, ഇലക്ട്രിക് വർക്കുകളോ ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച റിപ്പോർട്ട് ഹയർ ഓഫീസുകളിലേക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ ഓരോ റിപ്പോർട്ടിന്റെയും തുടർ നടപടികൾ സംബന്ധിച്ച വിവരങ്ങൾ അടക്കമുള്ള വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (സി) | ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിനു കീഴിലുള്ള പമ്പ് സെറ്റുകൾ പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമല്ല. ചില അറ്റകുറ്റപ്രവൃത്തികൾ ആവശ്യമാണ്.<br><br>(i) ഉള്ളണം എൽ ഐ സ്കീം<br><br>എൽ ഐ സ്കീമിന്റെ പമ്പ് ഹൗസിന്പിറകിലെ കടലുണ്ടിപ്പുഴയുടെ സംരക്ഷണഭിത്തി കഴിഞ്ഞമഴയിൽ തകർന്ന് പോയിരുന്നു. അതിനാൽ സക്ഷൻ പൈപ്പുകൾ അഴിച്ചുമാറ്റി വെച്ചിരിക്കുകയാണ് തകർന്നഭിത്തി പുനർനിർമ്മിക്കുന്നതിനായി 33.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചു വരുന്നു. എന്നാൽ അടിയന്തിരമായി Monsoon preparedness ൽ ഉൾപ്പെടുത്തി 3.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും മണൽച്ചാക്കുകൾ ഉപയോഗിച്ചുകൊണ്ട് നിലവിൽ താല്കാലിക സംരക്ഷണ ഭിത്തി നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.<br><br>മോട്ടോറുകളെല്ലാം പ്രവർത്തനക്ഷമമാണ്. ചെറിയ ഇലക്ട്രിക്കൽ പ്രവൃത്തികൾ ആവശ്യമാണ്. ഇത് നിലവിലെ വാർഷിക അറ്റകുറ്റ പ്രവൃത്തികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കാവുന്നതാണ്.<br><br>(ii) ബെഞ്ചാലി എൽ ഐ സ്കീം<br><br>സ്കീമിൽ, നാല് മോട്ടോറുകളിൽ രണ്ടെണ്ണം പ്രവർത്തന ക്ഷമമാണ്. സ്റ്റാൻഡ്ബൈ രണ്ടെണ്ണം അറ്റകുറ്റ പ്രവൃത്തികൾ ആവശ്യമാണ്. സ്കീമിലെ സക്ഷൻ പൈപ്പുകൾക്ക് ചെറിയ ലീക്ക് ഉണ്ട്. ഇത് 2024-25 വർഷത്തെ വാർഷിക അറ്റകുറ്റപ്രവൃത്തികളിൽ ഉൾപ്പെടുത്തി പരിഹരിക്കാവുന്നതാണ്.<br><br>(iii) ബെഞ്ചാലി ഇറിഗേഷൻ കം റിക്ലമേഷൻ സ്കീം<br><br>സ്കീമിലെ സക്ഷൻ പൈപ്പുകൾക്ക് ചെറിയ ലീക്ക് ഉണ്ട്. ഇത് 2024-25 വർഷത്തെ വാർഷിക അറ്റകുറ്റ പ്രവൃത്തികളിൽ ഉൾപ്പെടുത്തി പരിഹരിക്കാവുന്നതാണ്.<br><br>(iv) എൽ ഐ സ്കീം, തൃക്കുളം |

| | | | |
|---|---|---|---|
| | | | സ്കീമിലെ രണ്ടു മോട്ടോറുകളിൽ ഒന്ന് പ്രവർത്തനക്ഷമമമാണ്. ഒരു 35 HP മോട്ടോറിന്റെ ഇലക്ട്രിക്കൽ വയറിങ് പ്രവൃത്തികളും പാനൽബോർഡ് ശരിയാക്കുന്ന പ്രവൃത്തികളും ചെയ്യേണ്ടതുണ്ട്. ഈ പ്രവൃത്തി എഗ്രിമെന്റ് വെച്ചിരുന്നെങ്കിലും കരാറുകാരൻ പ്രവൃത്തി നടത്താത്തതിനാൽ ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയറുടെ ഉത്തരവ് പ്രകാരം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്യുകയാണുണ്ടായത് നിരവധി തവണ ടെണ്ടറുകളും ക്വട്ടേഷനുകളും ക്ഷണിച്ചിട്ടും പഴയ നിരക്കായതിനാൽ ആരും പ്രവൃത്തി ഏറ്റെടുക്കുകയുണ്ടായില്ല. തുടർന്ന് മലപ്പുറം ഇലക്ട്രിക്കൽ വിഭാഗം അസി.എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്ന് ക്വട്ടേഷൻ ക്ഷണിക്കുകയുണ്ടായെങ്കിലും ആരും ഏറ്റെടുത്തില്ല. വീണ്ടും ക്വട്ടേഷൻ ക്ഷണിക്കുന്നതിനുള്ള നടപടിക്രമങ്ങൾ മലപ്പുറം ഇലക്ട്രിക്കൽ വിഭാഗം അസി.എഞ്ചിനീയറുടെ കാര്യാലയത്തിൽ നടന്നു വരുകയാണ്. എന്നിരുന്നാലും സ്കീമിലെ പമ്പിംഗിന് തടസ്സമൊന്നും ഉണ്ടായിട്ടില്ല . ആയത് സുഗമമായി നടന്നു വരുന്നു.<br><br>കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ തിരൂരങ്ങാടി മണ്ഡലത്തിലുള്ള എല്ലാ പമ്പ് ഹൗസുകളും പ്രവർത്തന സജ്ജമാണ്. മേൽപ്പറഞ്ഞ പമ്പ് ഹൗസുകളിൽ അറ്റകുറ്റപ്പണികളോ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ പ്രവൃത്തികളോ നിലവിൽ ആവശ്യമില്ല. മേൽ പറഞ്ഞ കല്ലക്കയം റോ വാട്ടർ പമ്പ് ഹൗസിൽ 40 എച്ച് പി യുടെ ഒരു സ്റ്റാൻഡ് ബൈ മോട്ടോറിന് സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി വർക്ക് ഓർഡർ കൊടുത്ത് പ്രവൃത്തി ആരംഭഘട്ടത്തിലാണ്.<br><br>തിരൂരങ്ങാടി മണ്ഡലത്തിൽ ജലനിധി ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി KRWSA മുഖാന്തിരം നടപ്പിലാക്കിയ സാമൂഹികാധിഷ്ഠിത കുടിവെള്ള പദ്ധതികളെല്ലാം ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയതാണ്. ഈ കുടിവെള്ള പദ്ധതികളുടെ തുടർ നടത്തിപ്പും പരിപാലനവും അതാത് ഗുണഭോക്തൃ സമിതികളാണ് നടത്തുന്നത്. ഇത്തരത്തിലുള്ള സ്കീമുകളുടെ Sustainability Survey ആരംഭിച്ചിട്ടുണ്ട്. Survey പൂർത്തീകരിച്ചാൽ മാത്രമേ ഇക്കാര്യം അറിയുവാൻ കഴിയുകയുള്ളൂ.<br><br>എടരിക്കോട് ഗ്രാമ പഞ്ചായത്തിലെ ബ്രഹത് കുടിവെള്ള പദ്ധതിയുടെ പമ്പ് സെറ്റ് മാറ്റി സ്ഥാപിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ